# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *243 | 18/06/2019-ൽ മറുപടിക്ക്

## ഖാദർ കമ്മീഷൻ റിപ്പോർട്ട് വിദ്യാഭ്യാസമേഖലയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ

ചോദ്യം

**ശ്രീ.റോജി എം. ജോൺ**
**,, കെ.സി.ജോസഫ്**
**,, കെ.എസ്.ശബരീനാഥൻ**
**,, വി.എസ്.ശിവകുമാർ**

മറുപടി

**പ്രൊഫ.സി.രവീന്ദ്രനാഥ്**
(ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

എ) ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ;

എ) എൽ പി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള 5 ഘട്ടങ്ങൾ (എൽ പി ,യു.പി , എച്ച് എസ്, എച്ച്. എസ്. എസ്, വി. എച്ച്. എസ്.ഇ,) അതുപോലെ തന്നെ നിലനിർത്തുകയും ആവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. ഹൈസ്കൂളും ഹയർ സെക്കണ്ടറിയും ചേർന്നുള്ള സ്കൂളുകളിൽ മാത്രമാണ് ഈ മാറ്റം വരുത്തിയിട്ടുള്ളത്. ഹയർ സെക്കണ്ടറി ഇല്ലാത്ത എല്ലാ സ്കൂളുകളിലും ഇതുവരെയുണ്ടായിരുന്ന പോലെ തന്നെ മാറ്റമില്ലാതെ തുടരുകയാണ്. ഇങ്ങനെയുള്ള സ്കൂളുകളുടെ മൊത്തം ചുമതല പ്രിൻസിപ്പലിനാണ്. ഇത്തരം സ്കൂളുകളിൽ ഹൈസ്കൂൾ ഹെഡ് മാസ്റ്റർ, വൈസ് പ്രിൻസിപ്പലായി അറിയപ്പെടും. ഹൈസ്കൂൾ തലം വരെ ആവശ്യമുള്ള അക്കാദമിക് പ്രവർത്തനങ്ങളുടെയും മറ്റ് കാര്യങ്ങളുടെയും ചുമതല വൈസ് പ്രിൻസിപ്പലിന് തന്നെ ആയിരിക്കും ഹയർ സെക്കണ്ടറി ഇല്ലാത്ത ഹൈസ്കൂളുകളിൽ ഹെഡ് മാസ്റ്റർ പദവി തന്നെ തുടരും. ഹയർ സെക്കണ്ടറി വിഭാഗത്തിന്റെ അക്കാദമിക വിഭാഗത്തിന്റെ കാര്യങ്ങളുടെയും ഭരണപരമായ കാര്യങ്ങളുടെയും ചുമതല പ്രിൻസിപ്പലിനായിരിക്കും. ഇങ്ങനെ വിഭജനമുള്ളതിനാൽ ഓരോ മേഖലക്കും നിലനിൽക്കുന്ന അക്കാദമിക് സൗകര്യങ്ങൾ മാറ്റമില്ലാതെ തുടരും ഹൈസ്കൂളും ഹയർ സെക്കണ്ടറിയും ചേർന്ന് വരുന്ന

കാമ്പസ്സിന്റെ മൊത്തം ഭരണപരമായ കാര്യങ്ങൾക്ക് നേതൃത്വം നല്കാൻ വേണ്ടിയാണ് പ്രിൻസിപ്പലിന് സ്കൂളിന്റെ മൊത്തം ചുമതല നല്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള മൂന്ന് ഡയറക്ടറേറ്റുകൾ ഏകോപിപ്പിച്ച് ഒരു തലവന്റെ കീഴിലുള്ള ഒരു ഡയറക്ടറേറ്റായി മാറും. ഒരു യൂണിറ്റ് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിനു വേണ്ട നിർദേശങ്ങൾ നല്കുന്നതിന് സംസ്ഥാനതലത്തിൽ ഒരു ഡയറക്ടർ മാത്രം ഉണ്ടാകുന്നത് സഹായകമാവും. ഉദ്ഗ്രഥിത പ്രവർത്തനം കൂടുതൽ ഊർജ്ജിതമാവും. അപ്പോൾ കാമ്പസ്സിന്റെ അക്കാദമിക് സാധ്യത വർദ്ധിക്കും. കാമ്പസ്സിൽ നടക്കുന്ന എല്ലാ പരീക്ഷകളും ഒരു കമ്മീഷണറുടെ നേതൃത്വത്തിൽ ആയിരിക്കും. ഭരണാവശ്യത്തിനായി ഒരു ഓഫീസ് സംവിധാനമായിരിക്കും ഉണ്ടാവുക. ഇതവരെ ഭരണസംവിധാനത്തിലും കൂടി ശ്രദ്ധിച്ചിരുന്ന ഹയർ സെക്കണ്ടറി പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും ആ സമയം കൂടി അക്കാദമിക രംഗത്ത് ചെലവഴിക്കാം. ഏകീകരണം അക്കാദമിക് മികവിന് കൂടുതൽ അവസരമുണ്ടാക്കുകയാണ് ചെയ്യുക. കാമ്പസ്സിനെ ഒരു കുടുംബമായി കാണുന്ന ഈ മാറ്റം ഏറെ ഗുണകരമാവുകയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ ഉണ്ടായ അക്കാദമിക മുന്നേറ്റത്തിന് പരസ്പര പൂരകമാവുകയും ചെയ്യും.

ബി) കേന്ദ്രസർക്കാർ 2019 ലെ ദേശീയവിദ്യാഭ്യാസ നയത്തിലൂടെയും സംസ്ഥാന സർക്കാർ മറ്റ് മാർഗങ്ങളിലൂടെയും സംസ്ഥാനത്തെ വിദ്യാഭ്യാസരംഗം അഴിച്ചുപണിയുമ്പോൾ ഉണ്ടാകുന്ന ആശയക്കുഴപ്പം എങ്ങനെ മറികടക്കുവാനാണ് ആലോചിക്കുന്നത്;

ബി) കേന്ദ്ര സർക്കാർ വിദ്യാഭ്യാസ നയത്തിന്റെ കരട് മാത്രമേ ഇറക്കിയിട്ടുള്ളൂ. അത് പ്രകാരം

1) മൂന്ന് വർഷത്തെ പ്രീസ്കൂളിനും 1,2 ക്ലാസുകളും ചേർന്ന് ഫൗണ്ടേഷൻ സ്റ്റേജ് എന്നും
2) 3,4,5 ക്ലാസുകൾ ചേർന്ന് പ്രിപ്പറേറ്ററി അഥവാ ലേറ്റർ പ്രൈമറി സ്റ്റേജ് എന്നും
3) 6,7,8 ക്ലാസുകൾ ചേർന്ന് മിഡിൽ അഥവാ അപ്പർ പ്രൈമറി സ്റ്റേജ് എന്നും
4) 9,10,11,12 ക്ലാസുകൾ ചേർന്ന് ഹൈ അഥവാ സെക്കന്ററി സ്റ്റേജ് എന്നുമാണ് നിർദേശിച്ചിട്ടുള്ളത്.

ഇപ്പോൾ പുറത്തിറക്കിയിട്ടുള്ളത് കരട് നയമാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ അന്തിമമായി നയം അംഗീകരിച്ചതിന് ശേഷം മറ്റ് കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

| | |
|---|---|
| സി) നിലവിലെ ഹയർസെക്കന്ററി അദ്ധ്യാപകരുടെ യോഗ്യതയിൽ ഇളവ് നൽകണമെന്ന നിർദ്ദേശം ആ മേഖലയിലെ നിലവാരത്തകർച്ചയ്ക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | സി) ഹയർസെക്കന്ററി അദ്ധ്യാപകരുടെ നിലവിലുള്ള യോഗ്യതയിൽ ഇളവ് വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |
| ഡി) എൻ.സി.ഇ.ആർ.ടി. സിലബസ് ലഘൂകരിക്കുന്നതും പാഠപുസ്തകങ്ങൾ മലയാളത്തിലാക്കുന്നതും ദേശീയ തലത്തിൽ മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന നമ്മുടെ വിദ്യാർത്ഥികൾക്ക് വലിയ തിരിച്ചടിയാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ? | ഡി) എൻ.സി.ഇ.ആർ.ടി സിലബസ് സംസ്ഥാനത്തിനായി ലഘൂകരിക്കാൻ കഴിയില്ല. മലയാളത്തിലുള്ള ടെക്സ്റ്റ് പുസ്തകം കൂടി തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ള പോലെ ഇംഗ്ലീഷ് പുസ്തകവും ലഭ്യമാണ്. കാര്യങ്ങൾ വായിച്ച് മനസ്സിലാക്കാൻ വിവർത്തനം ചെയ്യപ്പെട്ട മലയാള പുസ്തകങ്ങൾ സഹായകമാകുന്ന വലിയൊരു വിഭാഗം കുട്ടികൾ നമ്മുടെ നാട്ടിലുണ്ട്. പഠന വസ്തുതകൾ സ്വായത്തമാകാൻ മലയാളം മാധ്യമത്തിലുള്ള പാഠപുസ്തകങ്ങൾ ഇത്തരം കുട്ടികൾക്ക് അനുഗ്രഹമാകും എന്ന കാര്യം ശ്രദ്ധിക്കാതിരിക്കാൻ കഴിയില്ല. ഇംഗ്ലീഷ് മാധ്യമത്തിലുള്ള പുസ്തകങ്ങൾ അതേപടി ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ